ഫിഷറീസ് വകുപ്പിൽ സബ്ഇൻസ്പെക്ടർ തസ്തികയിലേയ്ക്കുള്ള നിയമനം

82 (908) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് വകുപ്പിൽ സബ്ഇൻസ്പെക്ടർ തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി ഫീഡർ കാറ്റഗറിയിൽ ക്വാളിഫൈ ചെയ്തിട്ടുള്ളവർക്ക് പ്രൊമോഷൻ വഴി നിയമനം നൽകുന്നതിലേയ്ക്കായി നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ഒഴിവുകളിൽ ഫീഡർ കാറ്റഗറിയിൽ നിന്നുമുള്ളവരെ സബ് ഇൻസ്പെക്ടർമാരായി പ്രമോട്ടുചെയ്ത് നിയമിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) ഫിഷറീസ് വകുപ്പിൽ നിലവിൽ നേരിട്ടും പ്രൊമോഷൻ വഴിയും സബ് ഇൻസ്പെക്ടർമാരായി നിയമിക്കുന്നതിനായി എത്ര ഒഴിവുകൾ ഉണ്ട് ;

(ഡി) നേരിട്ടുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിനായി എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) വകുപ്പുതല പ്രൊമോഷൻ വഴി നിയമനം ലഭിക്കേണ്ടവർക്ക് സബ്ഇൻസ്പെക്ടർമാരായി നിയമനം ലഭിക്കുന്നതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ) പ്രൊമോഷൻ വഴി നിയമനം നൽകുന്നതിലേയ്ക്കായി ഒഴിവുകളൊന്നും നിലവിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) നേരിട്ടുള്ള നിയമനത്തിന് നിലവിൽ 32 ഒഴിവുകൾ ഉണ്ട്. പ്രൊമോഷൻവഴിയുള്ള നിയമനത്തിന് ഒഴിവുകൾ ഒന്നുംതന്നെ നിലവിലില്ല.

(ഡി) പി. എസ്. സി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) ഉദിക്കുന്നില്ല.

ആഴീക്കലിൽ നിയമം ലംഘിച്ച് മത്സ്യബന്ധനം നടത്തുന്നവർക്കെതിരെ നടപടി

83 (910) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ആഴീക്കലിൽ നിയമം ലംഘിച്ച് മത്സ്യബന്ധനം നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ അത് തടയുവാൻ സർക്കാർ കൈക്കൊണ്ടിരിക്കുന്ന നടപടികൾ എന്തൊക്കെയാണ് ;

(സി) 2000 ഏപ്രിൽ മുതൽ ഡിസംബർ വരെ ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ചാർജ് ചെയ്തിട്ടുണ്ട് ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഈ കാലയളവിൽ ഫിഷറീസ് വകുപ്പിൽ ഇത്തരം കേസുകളൊന്നും ചാർജ് ചെയ്തിട്ടില്ല.

ചെല്ലാനത്ത് ഫിഷിംഗ്ഹാർബർ സ്ഥാപിക്കാൻ നടപടി

84 (911) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ ചെല്ലാനം കടലോരപഞ്ചായത്തിലെ പുത്തൻതോട് ഭാഗത്ത് ഒരു മിനി ഫിഷറീസ് ഹാർബർ ആരംഭിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ഏതെങ്കിലും നിവേദനം സർക്കാരിനു ലഭിച്ചിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ ഇതുവരെ എടുത്ത തീരുമാനങ്ങൾ എന്തൊക്കെ ആണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ബാധകമല്ല.

കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ പ്രോജക്ട് റിപ്പോർട്ട്

85 (912) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ട് എത്ര കാലമായി ;

(ബി) പ്രസ്തുത എസ്റ്റിമേറ്റ് പുതുക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണ് ;

(ഡി) പ്രസ്തുത പദ്ധതിയുടെ മോഡൽസ്റ്റഡി നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly